# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:338 08.06.2015 ൽ മറുപടിക്ക്

## മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ: | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർദ്ധിച്ച് വരുന്നതിന്റെ ഒരു പ്രധാന കാരണം മദ്യപിച്ച് വാഹനമോടിക്കുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2014-15 വർഷത്തിൽ മദ്യപിച്ച് വാഹനമോടിച്ചതിന്റെ പേരിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ ; | (ബി) | 2014 വർഷത്തിൽ 206053 പേർക്കെതിരെയും 2015 മേയ് 31 വരെ 78218 പേർക്കെതിരെയും മദ്യപിച്ച് വാഹനമോടിച്ചതിന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ ഏത് വകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്യുന്നത്; പരമാവധി ശിക്ഷ എന്താണ് ; | (സി) | 279 IPC, 185 MV Act എന്നീ വകുപ്പുകൾ പ്രകാരമാണ് നിലവിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത്. പരമാവധി ശിക്ഷ 6 മാസം വരെ തടവോ 3000 രൂപ വരെ പിഴയോ രണ്ടും കൂടിയോ ആണ്. കേന്ദ്ര മോട്ടോർ വാഹന നിയമം 185 അനുസരിച്ചാണ് നിലവിൽ മദ്യപിച്ച് വാഹനമോടിക്കുന്നവർക്ക് എതിരെ നടപടികൾ സ്വീകരിക്കുന്നത്. ആദ്യ തവണ രണ്ടായിരം രൂപ വരെ പിഴയോ |

| | | | |
|---|---|---|---|
| | | | ആറുമാസം വരെ തടവോ അതോ രണ്ടും കൂടിയോ നൽകാവുന്നതാണ്. മൂന്നു വർഷത്തിനുള്ളിൽ ഇതേ കുറ്റത്തിന് രണ്ടാമതും പിടിക്കപ്പെടുകയാണെങ്കിൽ രണ്ട് വർഷം വരെ തടവോ മൂവായിരം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകാവുന്നതാണ്. |
| (ഡി) | മദ്യപിച്ച് വാഹനമോടിച്ച് ഒന്നിൽ കൂടുതൽ തവണ പിടിക്കപ്പെട്ടാൽ ഇവരുടെ ലൈസൻസ് ആജീവനാന്തം റദ്ദു ചെയ്യുന്നതിന് ആവശ്യമായ ഭേദഗതി നിയമത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ